പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *141 — 21.01.2014 ൽ മറുപടിയ്ക്ക്

## കാർഷികവിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷികവിള ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) ഉണ്ട്. കാർഷികവിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിനായി കൃഷി വകുപ്പ് മുഖേന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് സ്കീം, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി, പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. എന്നാൽ മേൽപ്പറഞ്ഞ എല്ലാ ഇൻഷ്വറൻസ് പദ്ധതികളെയും ഉൾപ്പെടുത്തിക്കൊണ്ട് കേരളത്തിലെ എല്ലാ വിളകൾക്കുമായി ഒരു സമഗ്ര കാർഷികവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രധാനപ്പെട്ട 25 കാർഷിക വിളകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (വിശദീകരണക്കുറിപ്പ് കണ്ടാലും) വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ കൊണ്ടും, വന്യമൃഗങ്ങളുടെ ശല്യം കൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കു സംരക്ഷണം നൽകുകയെന്നതാണ് കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശം.<br><br>ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവ മൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദനനഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.<br><br>കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്കു ദോഷകരമായി ഭവിക്കുന്ന അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, തുടർ ദിവസങ്ങളിലുണ്ടാകുന്ന ശക്തമായ മഴ, വരൾച്ച, രോഗകീടാക്രമണത്തിന് |

അനുയോജ്യമായ കാലാവസ്ഥാ സാഹചര്യങ്ങൾ എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം ഉത്പാദന ക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. ഇപ്പോൾ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്.

പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്ത പച്ചക്കറി വിളകൾക്കു പ്രകൃതിക്ഷോഭം മൂലം നാശനഷ്ടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

**(ബി)** പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

**(ബി)** ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് നടപ്പിലാക്കുന്നു. 2013-14 വർഷത്തെ നടത്തിപ്പിനായി മേൽപ്പറഞ്ഞ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

**(സി)** ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

**(സി)** അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, നാളീകേര വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

**(ഡി)** ഇൻഷ്വറൻസ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**(ഡി)** സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴു ദിവസങ്ങൾക്കുശേഷം മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ലിന് ഒരു ഹെക്ടറിന് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 10% പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 75% കേന്ദ്ര സംസ്ഥാന സർക്കാരും 25% മാത്രം കർഷകനും വഹിക്കുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ മറ്റ് പത്തു കാർഷിക വിളകൾക്ക് കൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്. (വിശദവിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്). ഈ കാർഷിക വിളകൾക്കുള്ള പ്രീമിയത്തിന്റെ 50% കേന്ദ്ര സംസ്ഥാന സർക്കാരും 50% കർഷകരും വഹിക്കും.

നാഷണൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് സ്കീം പ്രകാരം ഒരു ഹെക്ടർ നെൽകൃഷിക്ക് നിശ്ചയിച്ച പരമാവധി ഇൻഷ്വറൻസ് തുകയുടെ 2.5% തുക പ്രീമിയമായി നിശ്ചയിച്ചിരിക്കുന്നു. ആകെ പ്രീമിയം തുകയുടെ 10% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. വാഴയ്ക്ക് ഇൻഷ്വർചെയ്യുന്ന

തുകയുടെ 2.65% വും മരിച്ചീനിയുടെ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 4.9% പ്രീമിയം തുകയായി നിശ്ചയിച്ചിരിക്കുന്നു. പ്രീമിയം തുകയുടെ 10% പ്രീമിയം സബ്സിഡി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്നു.

കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ പച്ചക്കറിവിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യേണ്ട ഏറ്റവും കുറഞ്ഞ വിസ്തൃതി 10 സെന്റും ഇതിന് ആവശ്യമായ പ്രീമിയം തുക 10 രൂപയുമാണ്. (ഹെക്ടറിന് 250 രൂപയാണ് പ്രീമിയം നിരക്ക്)

സെക്ഷൻ ഓഫീസർ

### അനുബന്ധം

### കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി

### ഖാരിഫ് സീസൺ 2013.

| ക്രമ നമ്പർ | വിള | പരമാവധി ഇൻഷ്വറൻസ് തുക (ഹെക്ടറിന്) | പ്രീമിയം നിരക്ക് (%) | പ്രീമിയം തുക | പ്രീമിയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിഹിതം | പ്രീമിയത്തിൽ കർഷകന്റെ വിഹിതം |
|---|---|---|---|---|---|---|
| 1 | നെല്ല് | 35000 | 10 | 3500 | 2625 | 875 |
| 2 | വാഴ | 100000 | 12 | 12000 | 6000 | 6000 |
| 3 | കുരുമുളക് | 40000 | 12 | 4800 | 2400 | 2400 |
| 4 | തെങ്ങ് | 35000 | 12 | 4200 | 2100 | 2100 |
| 5 | കമുക് | 45000 | 12 | 5400 | 2700 | 2700 |
| 6 | ഇഞ്ചി | 100000 | 12 | 12000 | 6000 | 6000 |
| 7 | മഞ്ഞൾ | 60000 | 12 | 7200 | 3600 | 3600 |
| 8 | ഏലം | 40000 | 12 | 4800 | 2400 | 2400 |
| 9 | പൈനാപ്പിൾ | 30000 | 12 | 3600 | 1800 | 1800 |
| 10 | കരിമ്പ് | 30000 | 12 | 3600 | 1800 | 1800 |

സെക്ഷൻ ഓഫീസർ

**കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി**
**റാബി 2013 - 14 സീസൺ**

| ക്രമ നമ്പർ | വിള | പരമാവധി ഇൻഷ്വറൻസ് തുക (ഹെക്ടറിന്) | പ്രീമിയം നിരക്ക് (%) | പ്രീമിയം തുക | പ്രീമിയത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന വിഹിതം | പ്രീമിയത്തിൽ കർഷകന്റെ വിഹിതം |
|---|---|---|---|---|---|---|
| 1 | നെല്ല് | 25000 | 8 | 2000 | 1500 | 500 |
| 2 | വാഴ | 100000 | 12 | 12000 | 6000 | 6000 |
| 3 | കശുമാവ് | 50000 | 12 | 6000 | 3000 | 3000 |
| 4 | കരിമ്പ് | 25000 | 12 | 3000 | 1500 | 1500 |
| 5 | മാവ് | മാവൊന്നിന് | | | | |
| | 5 മുതൽ 10 വർഷം വരെ പ്രായമുള്ളത് | 400 രൂപ | 12 | 48 | 24 | 24 |
| | 10 മുതൽ 40 വർഷം വരെ പ്രായമുള്ളത് | 800 രൂപ | 12 | 96 | 48 | 48 |
| | 40 വർഷത്തിനു മുകളിൽ പ്രായമുള്ളത് | 600 രൂപ | 12 | 72 | 36 | 36 |

P274

സെക്ഷൻ ഓഫീസർ